പ്രേക്ഷിതൻ

ഗൗരി.വി.വി.
ഇല്ലിക്കവളപ്പിൽ ഹൗസ്
ചുണ്ട, കണ്ണപുരം, പി.ഒ. മൊട്ടമ്മൽ,
കണ്ണൂർ – 670331.

സ്വീകർത്താവ്

പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ &
സാമൂഹ്യ നീതി ഡയറക്ടർ
സാമൂഹ്യ നീതി ഡയറക്ടറേറ്റ്
അഞ്ചാം നില, വികാസ് ഭവൻ, തിരുവനന്തപുരം – 695 033.

3182

സർ,

വിഷയം:- വിവരാവകാശ നിയമം 2005 – ക്ലർക്ക്–ടൈപ്പിസ്റ്റ് തസ്തികയുടെ വിവരങ്ങൾ അറിയുന്നത് – സംബന്ധിച്ച്

------

മേൽ വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. കണ്ണൂർ ജില്ലയിലെ ക്ലർക്ക്–ടൈപ്പിസ്റ്റ് തസ്തിക സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ വിവരാവകാശ നിയമപ്രകാരം അനുവദിക്കുവാൻ അപേക്ഷിച്ചു കൊള്ളുന്നു.

1) അങ്ങയുടെ വകുപ്പിൽ ക്ലർക്ക് ടൈപ്പിസ്റ്റ് ആകെ അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം
2) ക്ലർക്ക് – ടൈപ്പിസ്റ്റിൽ എത്ര പേർ നിലവിൽ ജോലി ചെയ്തു വരുന്നുണ്ട്?
3) മൊത്തം എത്ര ക്ലർക്ക്–ടൈപ്പിസ്റ്റ് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്?
4) ഒഴിവുള്ള ക്ലർക്ക്–ടൈപ്പിസ്റ്റ് തസ്തികകൾ ഏതു തീയ്യതി മുതൽ ഒഴിഞ്ഞു കിടക്കുന്നു?
5) ഒഴിവുള്ള ക്ലർക്ക്–ടൈപ്പിസ്റ്റ് തസ്തികകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ? റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ ഫയൽ നമ്പർ തീയ്യതി വ്യക്തമാക്കണം
6) ക്ലർക്ക്–ടൈപ്പിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ചെയ്യാതിരിക്കാൻ ഉള്ള അതിന്റെ കാരണം വ്യക്തമാക്കണം.
7) കണ്ണൂർ ജില്ലയിൽ ക്ലർക്ക്–ടൈപ്പിസ്റ്റിൽ 2011 മുതൽ 31.12.2017 വരെ എത്ര പേർ തസ്തിക മാറ്റം പോയിട്ടുണ്ട്?
8) തസ്തിക മാറ്റം അപേക്ഷിച്ചിട്ടും അനുമതി കിട്ടാത്തവർ ഉണ്ടോ? ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുക.
9) 2011 ജനുവരി മുതൽ 2017 ഡിസംബർ വരെ എത്രപേർ ക്ലർക്ക് ടൈപ്പിസ്റ്റിൽ പ്രമോഷൻ ആയിട്ടുണ്ട് ? എണ്ണം വ്യക്തമാക്കണം (ഓഫീസ് തിരിച്ച് )
10) ഡിസംബർ 2018 നുള്ളിൽ എത്ര പേർ പ്രമോഷൻ ആകുവാൻ ഉണ്ട്?
11) പുതിയതായി ക്ലർക്ക്–ടൈപ്പിസ്റ്റ് തസ്തിക എന്തെങ്കിലും സർക്കാർ അനുവദിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്ര ?
12) തസ്തിക മാറ്റത്തിന്റെ ലിസ്റ്റ് ഏത് മാസമാണ് പ്രസ്ദ്ധീകരിക്കാറുള്ളത്? പ്രസിദ്ധീകരിച്ച ലിസ്റ്റ് എങ്ങനെയാണ് അറിയാൻ പറ്റുക.
13) തസ്തിക മാറ്റം 2016–2017 ലെ ലിസ്റ്റ് പ്രസ്ദ്ധീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏത് മാസം വ്യക്തമാക്കണം.
14) P&ARD വകുപ്പിന്റെ 16.08.2017 ലെ No.Adv.C3/304/17/P&ARD സർക്കുലർ പ്രകാരം 2019 ജനുവരി 30 വരെ ഉള്ള Anticipatory ഒഴിവുകൾ മുൻകൂട്ടി റിപ്പോർട്ട് ചെയ്യണം എന്നിരിക്കെ അങ്ങയുടെ വകുപ്പിന്റെ അപ്പോയ്ന്റിങ് അതോറിറ്റി ജില്ലകളിലെ എത്ര ക്ലർക്ക്–ടൈപ്പിസ്റ്റ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്, പി.എസ്.സിയ്ക്ക് അയച്ചതിന്റെ ഫയൽ നമ്പർ തീയ്യതി നൽകുക.
15) ടി സർക്കുലർ പ്രകാരം Anticipatory ക്ലർക്ക്–ടൈപ്പിസ്റ്റ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തില്ലെങ്കിൽ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുക?
16) 2019 ജനുവരി 30 വരെ പ്രതീക്ഷിത ക്ലർക്ക്–ടൈപ്പിസ്റ്റ് ഒഴിവുകൾ, വിരമിക്കുന്നത് മൂലവും, മറ്റ് വിധേനയും എത്ര എണ്ണം ഉണ്ടാകും. വിരമിക്കുന്ന ജീവനക്കാരന്റെ പേര്, വിരമിക്കുന്ന തീയ്യതി, ഓഫീസ് വിലാസം എന്നിവ നൽകുക.

വിവരാവകാശ നിയമപ്രകാരം ആവശ്യമായ ഫീസ് അറിയിക്കുന്ന മുറക്ക് ഒടുക്കുന്നതാണ്.

എന്ന്
വിശ്വസ്തതയോടെ

സ്ഥലം: കണ്ണപുരം
തീയ്യതി: 01.03.2018

ഗൗരി.വി.വി.